# Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in


11.7.2016

All Kerala Press Release
*Ref: 540/KCBC/K-6/KPR/DS*

## ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിലിന്റെ നിര്യാണത്തിൽ കെസിബിസി അനുശോചനം രേഖപ്പെടുത്തി

കൊച്ചി: ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ അധ്യക്ഷനായിരുന്ന അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ നിര്യാണത്തിൽ കെസിബിസി പ്രസിഡന്റ് ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ, വൈസ് പ്രസിഡന്റ് ആർച്ചു ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, സെക്രട്ടറി ജനറൽ ഡോ. ജോസഫ് കരിയിൽ എന്നിവർ പ്രാർത്ഥനാനിർഭരമായ അനുശോചനം രേഖപ്പെടുത്തി. വന്ദ്യപിതാവിന്റെ നിര്യാണം കേരളത്തിലെ സഭയ്ക്കും പൊതുസമൂഹത്തിനും വലിയ ഒരു നഷ്ടമാണെന്ന് അവർ പറഞ്ഞു.

വന്ദ്യജെയിംസ് പഴയാറ്റിൽ പിതാവ് ഇരിങ്ങാലക്കുട രൂപതയുടെ ആദ്യമെത്രാനെന്ന നിലയിൽ രൂപതയെ കെട്ടിപ്പടുക്കുന്നതിൽ നിർവഹിച്ച ശുശ്രൂഷ ശ്ലാഘനീയമാണ്. രൂപതയുടെ ആത്മീയ സാംസ്കാരിക വളർച്ചയ്ക്കും അദ്ദേഹം നടത്തിയ ഇടപെടലുകൾ വളരെ വലുതാണ്. കേരളത്തിൽ ഒരു മദ്യവിമുക്തസം സ്കാരം രൂപീകരിക്കുന്നതിന് അഭിവന്ദ്യ തിരുമേനി സാമൂഹ്യ-രാഷ്ട്രീയ മേഖലകളിൽ അവസരോചിത മായി നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പാവങ്ങളോട് എപ്പോഴും പക്ഷം ചേരാനാഗ്രഹിച്ച അദ്ദേഹം ഏറെ കരുണയോടും വാത്സല്യത്തോടും അവർക്കുവേണ്ടി ജീവിച്ചു. ലളിത ജീവിതശൈലി, വിനയാന്വിത മായ പെരുമാറ്റം, അതിരറ്റ തിരുഹൃദയഭക്തി ഇവയൊക്കെ അദ്ദേഹം നമുക്ക് മുന്നിൽ തുറന്നുവച്ച വലിയ മാതൃകകളാണ്. സഭയ്ക്കുള്ളിലും, പുറത്തും അദ്ദേഹമാർജിച്ച സ്നേഹവും വിശ്വാസ്യതയും അദ്ദേഹത്തിന്റെ ആത്മീയതയുടെയും, പ്രാഗത്ഭ്യം നിറഞ്ഞ സാരഥ്യത്തിന്റെയും ലക്ഷണങ്ങളായിരുന്നു. ഇതരമതങ്ങളോട് ആദരവിന്റെയും ഹൃദ്യമായ ബന്ധത്തിന്റെയും സമീപനമാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്.

ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിനോടും രൂപതയിലെ എല്ലാ വൈദികരോടും, സന്യസ്തരോടും ദൈവജനത്തോടും കെസിബിസി ഹൃദയപൂർവം അനുശോചനം അറി യിക്കുന്നു. സർവശക്തനായ ദൈവം അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നല്കട്ടെയെന്നും കേരള കത്തോലിക്കാസഭയുടെ ദുഃഖവും പ്രാർത്ഥനാ നിർഭരമായ അനുശോചനവും രേഖപ്പെടുത്തുന്നതായും അനുശോചനസന്ദേശത്തിൽ കെസിബിസി പ്രസിഡന്റ് ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ, വൈസ് പ്രസിഡന്റ് ആർച്ചു ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, സെക്രട്ടറി ജനറൽ ഡോ. ജോസഫ് കരിയിൽ എന്നിവർ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.